**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4021** **27-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിലുള്ള മാലിന്യസംസ്കരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള കേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങളുടെ നിർവ്വഹണ പുരോഗതി പ്രോജക്ടുകൾ തിരിച്ച് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള കേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങളുടെ നിർവ്വഹണ പുരോഗതിയും പ്രോജക്ടുകൾ തിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചു വരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖരമാലിന്യ സംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് 11.06.2018 ലെ സ.ഉ.(കൈ) 82/2018/ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ആഗോള ടെൻഡറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.യെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും മറ്റ തിരഞ്ഞെടുക്കപെട്ട മുൻസിപ്പാലിറ്റികളിലും ഉൾപ്പെടെ 8 ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഓരോ ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശസ്വയം ഭരണ സ്ഥാപങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപകൽപന, നിർമ്മാണം, ആവശ്യമായ സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് തുടങ്ങിയവ പൂർണ്ണമായും സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്വമാണ്. രണ്ടു വർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിങ്ങ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെൻഡറുകൾ സമർപ്പിക്കേണ്ടത്.

പ്ലാൻറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സ്വകാര്യ ഏജൻസിയെ ആഗോള ടെൻഡർ മുഖേനയാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാൻറുകളാണ് സർക്കാർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പ്ലാൻറുകളിലൂടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് വിൽക്കുന്നതായിരിക്കും. മാലിന്യ സംസ്കരണ പ്ലാൻറുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള മുൻ പരിചയം, സാമ്പത്തിക ഭദ്രത തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും സ്വകാര്യ ഏജൻസികളെ കണ്ടെത്തുന്നത്. പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥിതിയിൽ തദ്ദേശ സ്വയം ഭരണ വകുപ്പും കെ.എസ്.ഐ.ഡി.സി.യും നടത്തിപ്പിനുള്ള സ്വകാര്യ ഏജൻസിയും അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്നുള്ള കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത പ്ലാൻറുകൾ പ്രവർത്തിക്കുന്നത്. പ്ലാൻറുകളുടെ നടത്തിപ്പിന് ഒരു നിശ്ചിതസാങ്കേതിക വിദ്യ നിഷ്കർഷിച്ചിട്ടില്ല. പ്രതിദിനം 200 മുതൽ 450 ടൺ വരെ സംസ്കരണശേഷി ഉള്ള പ്ലാൻറുകളായിരിക്കും ഈപദ്ധതിയിലൂടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

മുൻ നിശ്ചയിച്ച പ്രകാരം സ്ഥാപിച്ചിട്ടുള്ള സെക്കൻഡറി കളക്ഷൻ പോയിൻറ്കളിൽ നിന്നും ഖരമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ ശാലയിലെത്തിച്ച് സംസ്കരിച്ച് ഊർജ്ജമാക്കി മാറ്റേണ്ടത് സ്വകാര്യ ഏജൻസിയുടെ ചുമതലയാണ്. ഇതിനായി പ്രത്യേകം രൂപ കൽപന ചെയ്ത അടച്ചുറപ്പുള്ള വാഹനങ്ങളായിരിക്കും ഉപയോഗിക്കുന്നത്. കൂടാതെ പ്ലാൻറിൽ നിന്നും സംസ്കരണത്തിന് ശേഷം പുറം തള്ളുന്ന ലീചെറ്റ് അനുയോജ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃത്യമായി സംസ്കരിക്കേണ്ടതും കമ്പനിയുടെ ഉത്തരവാദിത്വമാണ്. വിദേശ രാജ്യങ്ങളിൽ ഉപയോഗിയ്ക്കുന്ന തരത്തിലുള്ള അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള

മാലിന്യ സംസ്കരണ പ്ലാൻറുകളാണ് ഈ പദ്ധതിയിലൂടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ടെൻഡറിൽ പങ്കെടുക്കുന്ന സ്വകാര്യ ഏജൻസികളുടെ യോഗ്യതയും സാങ്കേതിക മികവും, സാമ്പത്തിക ഭദ്രതയും കൃത്യമായി പരിശോധിച്ച ശേഷം മാത്രമേ ടെൻഡറുകൾ നൽകുകയുള്ളൂ. മാത്രവുമല്ല, തെരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ മാനദണ്ഡങ്ങളും മുൻസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെൻറ് റൂൾസ് 2016 ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതുമായിരിക്കും. ഇതിലൂടെ പൊതുജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്ത തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാൻറുകളാണ് ഈ പദ്ധതിയിലൂടെ നിലവിൽ വരാൻ പോകുന്നത്.

പദ്ധതിയെ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>കോഴിക്കോട്</u>**

കോഴിക്കോട് ജില്ലയിൽ പദ്ധതി നിർവഹണത്തിനുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷന് കീഴിലുള്ള ഞെളിയൻ പറമ്പിലെ 12.67 ഏക്കർ സ്ഥലമാണ് പദ്ധതിക്കായി തെരഞ്ഞടുത്തിരിക്കുന്നത്. 11.06.2018 ലെ സ.ഉ.(കൈ) 82/2018/LSGD നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് മേൽപ്പറഞ്ഞ സ്ഥലം കോഴിക്കോട് കോർപ്പറേഷൻ പാട്ടവ്യവസ്ഥയിൽ കെ.എസ്.ഐ.ഡി.സി. യ്ക്ക് കൈമാറിയിട്ടുണ്ട്. ബാംഗ്ലൂർ ആസ്ഥാനമായുള്ള മലബാർ വേസ്റ്റ് മാനേജ്മെൻറ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് പദ്ധതി നിർവഹണത്തിനായി നിയമിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പും കെ.എസ്.ഐ.ഡി.സി.യും ക്ലസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കമ്പനിയും തമ്മിലുള്ള Concession Agreement ഒപ്പുവച്ചു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമാനുസൃതമായ അനുമതികളും ക്ലിയറൻസുകളും കമ്പനിയ്ക്ക് ലഭ്യമായി കഴിഞ്ഞു. കൂടാതെ പ്ലാൻറ്റിൽ ഉല്പ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് വിൽക്കുന്നതിനുള്ള പവർ പർച്ചേസ് എഗ്രിമെൻറ് കമ്പനി യും കെ.എസ്.ഇ.ബി യും തമ്മിൽ ഒപ്പ് വച്ചിട്ടുണ്ട്. കമ്പനി സമർപ്പിച്ച ക്രമ പ്രകാരം 2021 ഡിസംബർ മാസത്തിൽ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

**<u>പാലക്കാട്</u>**

പാലക്കാട് ജില്ലയിൽ പദ്ധതി നിർവഹണത്തിനുള്ള ടെണ്ടർ നടപടികൾ കെ.എസ്.ഐ.ഡി.സി. പൂർത്തീകരിച്ചു. മുംബൈ ആസ്ഥാനമായുള്ള ബ്ലൂ പ്ലാനറ്റ് പാലക്കാട് വേസ്റ്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് പദ്ധതി നിർവഹണത്തിനായി നിയോഗിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായുള്ള Concession Agreement ഒപ്പ് വച്ച് കഴിഞ്ഞു. പദ്ധതി നിർവഹണത്തിനായി കമ്പനി സമർപ്പിച്ച DPR നു സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി അംഗീകാരം നല്കിയിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ നിയമാനുസൃത അനുമതികളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കമ്പനിയുടെ നേതൃത്വത്തിൽ

പുരോഗമിക്കുകയാണ്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഈ വർഷം അവസാനത്തോടുകൂടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കൊല്ലം**

കൊല്ലം ജില്ലയിൽ പദ്ധതി നിർവഹണത്തിനായുള്ള സ്വകാര്യ ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. ബംഗ്ലൂർ ആസ്ഥാനമായുള്ള വേണ്ടാട് വേസ്റ്റ് മാനേജ്മെൻറ് പ്രൈവറ്റ് ലിമിറ്റഡിനെയാണ് പദ്ധതി നിർവഹണത്തിനായി നിയമിച്ചിരിക്കുന്നത്. ഇതിനായുള്ള Concession Agreement ഒപ്പ് വച്ച് കഴിഞ്ഞു. പദ്ധതിയ്ക്കായി കമ്പനി തയ്യാറാക്കിയ DPR നു സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള അനുമതികളും ക്ലിയറൻസുകളും ലഭ്യമാകുന്നതിനുള്ള നടപടികൾ കമ്പനിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ വർഷം അവസാനത്തോടുകൂടി പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

**കണ്ണൂർ**

കണ്ണൂർ ജില്ലയിൽ പദ്ധതി നടത്തിപ്പിനായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. മുംബൈ ആസ്ഥാനമായുള്ള ബ്ലൂ പ്ലാനറ്റ് കണ്ണൂർ വേസ്റ്റ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് പദ്ധതി നിർവഹണത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. കമ്പനിയുടെ നേതൃത്വത്തിൽ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**എറണാകുളം (ബ്രഹ്മപുരം)**

എറണാകുളം ജില്ലയിൽ പദ്ധതി നടത്തിപ്പിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ കമ്പനി സമർപ്പിച്ച ടിപ്പിങ്ങ് ഫീസിന് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. ടെണ്ടർ ഉടമ്പടി പ്രകാരം തിരഞ്ഞെടുത്ത സ്വകാര്യ പങ്കാളി കൊച്ചി വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ പദ്ധതി നടത്തിപ്പിനായി ബാംഗ്ലൂർ ആസ്ഥാനമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായുള്ള Concession Agreement ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**തൃശ്ശൂർ**

തൃശ്ശൂർ ജില്ലയിൽ പ്ലാൻറ് സ്ഥാപിക്കുന്നതിനായുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. സ്ഥലം കണ്ടെത്തി കെ.എസ്.ഐ.ഡി.സി. യ്ക്കു കൈമാറുന്ന മുറയ്ക്ക് പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>തിരുവനന്തപുരം</u>**

തിരുവനന്തപുരം ജില്ലയിൽ പദ്ധതിയ്ക്കായുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സ്ഥലം കണ്ടെത്തി കെ.എസ്.ഐ.ഡി.സി. യ്ക്ക് കൈമാറുന്ന മുറയ്ക്ക് പദ്ധതിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>മലപ്പുറം</u>**

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലം ജില്ലാ ഭരണകൂടം കണ്ടെത്തിയിട്ടുണ്ട്. സ്ഥലം പാട്ട വ്യവസ്ഥയിൽ കെ.എസ്.ഐ.ഡി.സി. യ്ക്ക് കൈമാറുന്ന മുറയ്ക്ക് പദ്ധതിയ്ക്കായുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.